FRIDAY 29/05/2026 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/05/2026

1. കേന്ദ്ര സർക്കാരിന്റെ എല്ലാവിധ കാർഷിക ആനുകൂല്യങ്ങളും കാലതാമസമില്ലാതെ കർഷകരിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രി' ഡിജിറ്റൽ തിരിച്ചറിയൽ പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ കർഷകരും ഈ മാസം തന്നെ രജിസ്റ്റർ ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. ആദ്യഘട്ടത്തിൽ കൃഷിഭവനുകൾ വഴിയായിരുന്നു അഗ്രിസ്റ്റാക്കിൽ രജിസ്റ്റർ ചെയ്തിരുന്നത്. നിലവിൽ സ്വന്തമായി ഭൂമിയുള്ള കർഷകർക്ക് റജിസ്റ്റർ ചെയ്യാം. റജിസ്റ്റർ ചെയ്യുന്നവർക്ക് ഏകീകൃത കർഷക ഐഡി ലഭിക്കും.പ്രസ്തുത ഐഡി ഉണ്ടെങ്കിൽ മാത്രമേ ഭാവിയിൽ കേന്ദ്ര സർക്കാരിന്റെ കാർഷിക ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അതിനാൽ കർഷക രജിസ്ട്രിയിലെ രജിസ്ട്രേഷൻ എല്ലാ കർഷകരും പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. കർഷകർക്ക് തങ്ങളുടെ ആധാർ കാർഡ്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ, ഭൂമിയുടെ രേഖകൾ (കരമടച്ച രസീത്/ പോക്കുവരവ് രേഖകൾ)

എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്ററുകൾ അല്ലെങ്കിൽ കൃഷിഭവനുകൾ വഴി ഫാർമർ ഐഡി ക്ക് വേണ്ടി രജിസ്റ്റർ ചെയ്യാം. തുടർന്ന് റവന്യൂ വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷക ഐഡി ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരളകാർഷികസർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ കൂർക്കതലകൾവില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM – 4:00 PM വരെ. ഫോൺ : 9188248481.

3. കാർഷിക മേഖലയെ സ്മാർട്ടാക്കാൻ സഹായകരമായ പുതുമയുള്ള കാർഷിക ആശയങ്ങളെ സംരംഭമാക്കി മാറ്റുന്നതിനുള്ള PM-RKVY- പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി മെയ് 30 വൈകീട്ട് 4 മണി വരെ ആക്കി പുതുക്കി നിശ്ചയിച്ചു. കേരള കാർഷിക സർവകലാശാല നടപ്പിലാക്കുന്ന അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം (KAU RAISE 2026), സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം (KAU PACE 2026) എന്നിവയിലേക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷിക്കുന്നതിനുള്ള തീയതിയാണ് നീട്ടിയിരിക്കുന്നത്. സ്മാർട്ട് കൃഷി രീതികൾ, കാർഷിക ഉത്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ, പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മാലിന്യ സംസ്കരണ മാർഗങ്ങൾ എന്നിങ്ങനെ വിവിധ കാർഷിക-കാർഷികാനുബന്ധ മേഖലകളിലെ ആശയങ്ങൾ സ്റ്റാർട്ടപ്പുകളാക്കാൻ പദ്ധതിയിലേക്ക് അപേക്ഷിക്കാം. കേരള കാർഷിക സർവകലാശാലയിലെ അഗ്രിബിസിനസ് ഇൻകുബേറ്ററിലൂടെയാണ് പദ്ധതിയുടെ സേവനങ്ങൾ നൽകുന്നത്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30.05.2026 (4 PM). കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 9778436265 / 0487 2438332 / 9497650150/ 9496979543 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ rabi@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ, ഗൂഗിൾ ഫോം മുഖേനയോ അയക്കാവുന്നതാണ്. അഗ്രിബിസിനസ് ഇൻകുബേറ്ററിലേക്ക് അയക്കേണ്ട വിലാസം ഡോ. കെ. പി. സുധീർ, അഗ്രിബിസിനസ് ഇൻകുബേറ്റർ മേധാവി, കാർഷിക എഞ്ചിനീയറിംഗ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഭാഗം, കാർഷിക കോളേജ്, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശൂർ – 680656.

4. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതിയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു സീനിയർ റിസെർച്ച് ഫെല്ലോ (എസ്. ആർ. എഫ്.) യ്ക്കു വേണ്ടി 2026, ജൂൺ 04–ാം തിയതി ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം 31.03.2027 വരെ. ഉയർന്ന പ്രായ പരിധി ജൂൺ 04 ന് പുരുഷന്മാർ 35, സ്ത്രീകൾ 40 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). ICAR അംഗീകരിച്ച ഒരു കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രിക്കൾച്ചർ ഹോർട്ടിക്കൾച്ചർ എന്നിവയിൽ ബിരുദാന്തര ബിരുദം ആണ് യോഗ്യത. ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിലോ കെ.വി.കെ.യിലോ നടപ്പിലാക്കിയ കാർഷിക മേഖലയിലെ പദ്ധതികളിൽ പരിചയം, ഇരുചക്ര വാഹന ഡ്രൈവിങ്ങിൽ ഉള്ള പരിചയം, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പരിജ്ഞാനം എന്നിവ അഭികാമ്യം. പ്രതിമാസ ഫെല്ലോഷിപ്പ് 37000/-

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ + HRA കൂടുതൽ വിവരങ്ങൾക്ക് www.cpcri.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. താത്പര്യമുള്ളവർ 2026, ജൂൺ തിയതിയ്ക്കുള്ളിൽ 0479–2959268, 2449268, 9447790268 എന്നിവയിൽ ഏതെങ്കിലും ഒരു ഫോൺ നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്തതിന് ശേഷം ജൂൺ 04–ാം തീയതി രാവിലെ 09.30 ന് കൃഷ്ണപുരത്തെ സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എസ്. എസ്. എൽ. സി. മുതലുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതും ആണ്.

## പരിശീലന പരിപാടി

കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് "വിള സുസ്ഥിരതയ്ക്കായുള്ള ജൈവ ഇടപെടലുകൾ" (Organic Interventions for Crop Sustainability) എന്ന വിഷയത്തിൽ മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 2026 ജൂൺ 15 മുതൽ 2026

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെപ്റ്റംബർ 15 വരെ.വിദ്യാഭ്യാസ യോഗ്യത: കുറഞ്ഞത് പ്ലസ് ടു പാസായിരിക്കണം.രജിസ്ട്രേഷൻ ഫീ: ₹100, കോഴ്സ് ഫീ: ₹4000 രൂപ . കോഴ്സ് ദൈർഘ്യം: 3 മാസത്തിനിടയിൽ ആകെ 50 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ക്ലാസുകൾ റെക്കോർഡ് ചെയ്യുന്നതല്ല. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ് . രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 2026 മെയ് 30. കൂടുതൽ വിവരങ്ങൾക്ക് cti@kau.in എന്ന ഇമെയിൽ വിലാസത്തിലോ അല്ലെങ്കിൽ 0487 2371104, 8547837256 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം